# Komala Technical Institute & ITC
# Prospectus

കോട്ടക്കലിലെ ആദ്യത്തെ തൊഴിൽ പരിശീലന കേന്ദ്രമായി **1989**ൽ പ്രവർത്തനം ആരംഭിച്ച സ്കൂൾ ഓഫ് ഇലക്ട്രോണിക്സിന് **1992**ൽ കേരള ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുകയും തുടർന്ന് കോമള ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ട് എന്ന പേര് സ്വീകരിക്കുകയും ചെയ്തു. **2008**ൽ കേന്ദ്ര ഗവൺമെന്റ് ഈ സ്ഥാപനത്തെ ITC യായി അംഗീകരിക്കുകയും NCVT യിൽ അഫിലിയേററ് ചെയ്യുകയും ചെയ്തു.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച തൊഴിൽ പരിശീലനകേന്ദ്രമാണ് **കോമള ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ട് & ITC**. ഉയർന്ന പഠനനിലവാരവും കർശനമായ അച്ചടക്കവും നിലനിർത്തി തൊഴിൽ പരിശീലന രംഗത്ത് ഉന്നത സ്ഥാനം കൈവരിക്കാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. തൊഴിൽ പരിശീലനരംഗത്ത് 20 വർഷത്തിലധികം പ്രവർത്തനപരിചയമുള്ള ഈ സ്ഥാപനത്തിൽ മികച്ച പരിശീലന സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. പ്രകൽഭരായ അദ്ധ്യാപകർ തിയറി, പ്രാക്ടിക്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. സർക്കാർ മേഖലയിലും വിവിധ അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യ മേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നേടാൻ ഇവിടുത്തെ പ്രായോഗികപരിശീലനം പ്രാപ്തരാക്കുന്നു. പരിശീലനം പൂർത്തിയാക്കിയ ധാരാളംപേർ സ്വന്തമായി സ്ഥാപനങ്ങൾ നടത്തുന്നു.

കേന്ദ്ര, സംസ്ഥാന സർക്കാറുകളും PSC യും അംഗീകരിച്ച ITI-NCVT (National Council for Vocational Training), KGCE (Kerala Government Certificate in Engineering) എന്നീ റഗുലർ കോഴ്സുകളിലും, മാനവ വിഭവ വികസനസമിതി (Human Resources Development Society - HRDS, New Delhi) യുടെ കീഴിലുള്ള ഷോർട്ട് ടേം കോഴ്സുകളിലും ഇവിടെ പ്രവേശനം ലഭിക്കുന്നു. NCVT(MES) സ്കീമിൽ അടിസ്ഥാനയോഗ്യത കുറഞ്ഞവർക്കും ഗവൺമെന്റ് സർട്ടിഫിക്കററ് നേടാൻ അവസരം ലഭിക്കുന്നു

## ആമുഖം

വെളുത്തകോട്ട എന്ന അർത്ഥത്തിൽ ശ്വേതദുർഗ്ഗം എന്ന സംസ്കൃതത്തിലും വെൺകളിക്കോട്ട അഥവാ വെങ്കിട്ടക്കോട്ട എന്ന് മലയാളത്തിലും അറിയപ്പെട്ടിരുന്ന **കോട്ടക്കൽ** കോട്ട 18-ാം നൂററാണ്ടിന്റെ ആദ്യപകുതി വരെ വള്ളുവനാട് രാജാവിന്റെ ഒരു സൈനിക കേന്ദ്രമായിരുന്നു. അക്കാലത്ത് നിർമ്മിക്കപ്പെട്ട കോട്ടകൊത്തളങ്ങൾ കാരണമാണ് കോട്ടക്കൽ എന്നപേര് ഉണ്ടായതെന്ന് കരുതപ്പെടുന്നു. തുടർന്ന് സാമൂതിരി രാജാവ് കോട്ട കീഴടക്കുകയും കിഴക്കേ കോവിലകം എന്നറിയപ്പെടാൻ തുടങ്ങുകയും ചെയ്തു. കോട്ടകൾ ക്രമേണ നശിച്ചുപോകുകയും കോട്ടക്കൽ എന്നപേര് നിലനിൽക്കുകയും ചെയ്തു.

ആയുർവേദ നഗരിയായി അറിയപ്പെടുന്ന കോട്ടക്കൽ പട്ടണത്തിന്റെ ഇന്നത്തെ പെരുമ തുടങ്ങുന്നത് പി.എസ്. വാര്യർ ആര്യവൈദ്യശാല സ്ഥാപിച്ചതോടെയാണ്. ഒരു നൂററാണ്ട് പിന്നിട്ട ആര്യവൈദ്യ ശാലയും അടുത്ത കാലത്തായി വികസിച്ച വസ്ത്രം, ഫർണിച്ചർ തുടങ്ങിയ വ്യവസായങ്ങളും ഈ പ്രദേശത്തിന്റെ വളർച്ചക്ക് ആക്കംകൂട്ടി. ഇതോടൊപ്പം വിദേശ മൂലധനവും സ്വാധീനം ചെലുത്തിയതോടെ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കപ്പെടുകയും പട്ടണം വളരെ വേഗം വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഒരുകാലത്ത് മലയാളത്തിന്റെ സാംസ്കാരിക കേന്ദ്രമായിരുന്നു കോട്ടക്കൽ. പ്രസിദ്ധ വിദുഷി മനോരമ തമ്പുരാട്ടി, മഹാഭാരതം വിവർത്തനം ചെയ്ത കുഞ്ഞിക്കുട്ടൻതമ്പുരാൻ, കവികുലഗുരു പി.വി. കൃഷ്ണവാര്യർ തുടങ്ങിയവർ ഇവിടെ സാംസ്കാരിക പ്രഭ തെളിയിച്ചു

ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് സ്റ്റേററിൽ മലയാളം മാതൃഭാഷയായ_മലബാർ ജില്ലയിലെ സ്ക്കൂളുകളിൽ മലയാളം ഭാഷാ പാഠപുസ്തകമായി അംഗീകരിക്കപ്പെട്ട "കോമള പാഠാവലി" പ്രസിദ്ധീകരിച്ചിരുന്നത് കോട്ടക്കലിൽ നിന്നായിരുന്നു. ഒന്നുമുതൽ ആറുവരെ ക്ലാസുകൾക്ക് വേണ്ടി ഓടായപ്പുറത്ത് ചേക്കുട്ടി മാസ്റ്റർ തയ്യാറാക്കിയ ഈ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത് അദ്ദേഹം തന്നെ സ്ഥാപിച്ച "കോമള പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ്" കമ്പനിയായിരുന്നു. ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം നിലവിൽവരികയും കേരള പാഠാവലി എന്ന പേരിൽ ഗവൺമെന്റ് തന്നെ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് വരെ മലബാർ ജില്ലയിൽ കോമള പാഠാവലി ഉപയോഗിച്ചിരുന്നു.

കോമള പാഠാവലിയുടേയും, അതിന്റെ പ്രസാധകനായിരുന്ന ഓടായപ്പുറത്ത് ചേക്കുട്ടിമാസ്റ്ററുടേയും സ്മരണാർത്ഥമാണ് ഈ സ്ഥാപനത്തിന് "കോമള ഇൻസ്റ്റിററ്യൂഷൻസ്" എന്ന പേര് നൽകിയിട്ടുള്ളത്. ചേക്കുട്ടി മെമ്മോറിയൽ എ. എം. എൽ. പി. സ്കൂൾ എന്ന സ്ഥാപനവും ഇതേ മാനേജ്മെന്റിനു കീഴിൽ പ്രവർത്തിക്കുന്നു.

## ക്രാഫ്റ്റ്സ്മാൻ ട്രെനിംഗ് സ്കീം (CTS)

ഇന്ത്യാ ഗവൺമെന്റ് തൊഴിൽ മന്ത്രാലയത്തിനു കീഴിലുള്ള ഡയരക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെനിംഗ് 1950 ൽ ക്രാഫ്റ്റ്സ്മാൻ ട്രെനിംഗ് സ്കീം (CTS) ആരംഭിച്ചു. സ്കൂൾ പഠനം പൂർത്തിയാക്കിയവർക്ക് വിദഗ്ദ്ധ പരിശീലനം നൽകി വ്യവസായ മേഖലക്കാവശ്യമായ സ്കിൽഡ്/സെമി സ്കിൽഡ് തൊഴിൽ ശക്തി ലഭ്യമാക്കുക, വിദ്യാസമ്പന്നരായ യുവാക്കൾക്ക് യോജിച്ച മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകി വ്യാവസായിക ജോലികൾക്ക് പ്രാപ്തരാക്കി തൊഴിലില്ലായ്മ കുറക്കുക എന്നിവയാണ് ക്രാഫ്റ്റ്സ്മാൻ ട്രെനിംഗ് സ്കീമിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. ഇതിന്നുവേണ്ടി രാജ്യവ്യാപകമായി ഇൻഡസ്ട്രിയൽ ട്രെനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും (ITIs) ഇൻഡസ്ട്രിയൽ ട്രെനിംഗ് സെന്ററുകളും (ITCs) സ്ഥാപിതമായി. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെനിംഗ് "NCVT" ഇവയുടെ മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. NCVT കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് സംസ്ഥാനത്തും മററുസംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും തൊഴിൽ മേഖലയിൽ ഉയർന്ന പരിഗണനലഭിക്കുന്നു.

## കേരള ഗവൺമെന്റ് സർട്ടിഫിക്കററ് ഇൻ എഞ്ചിനീയറിംഗ് (KGCE)

കേരള ഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ സാങ്കേതിക വിദ്യാഭ്യാസ ഡയരക്ടറേററാണ് KGCE കോഴ്സിന് നേതൃത്വം നൽകുന്നത്. രണ്ട് വർഷത്തെ കോഴ്സ് പൂർത്തിയാക്കിയവർക്ക്, കൺട്രോളർ ഓഫ് ടെക്നിക്കൽ എക്സാമിനേഷൻസ് നേരിട്ട് പരീക്ഷ നടത്തുകയും, ഗവൺമെന്റ് സർട്ടിഫിക്കററ് നൽകുകയും ചെയ്യുന്നു. PSC അംഗീകരിച്ച ഈ കോഴ്സ് പൂർത്തിയാക്കി-യവർക്ക് സർക്കാർ മേഖലയിലും വിവിധ അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യ മേഖലാ സ്ഥാപനങ്ങളിലും സ്വയംതൊഴിൽ രംഗത്തും ധാരാളം അവസരങ്ങളുണ്ട്

## NCVT (MES) Scheme

വിവധ തൊഴിൽ മേഖലകളിൽ കഴിവുണ്ടെങ്കിലും അടിസ്ഥാനയോഗ്യതയില്ലാത്തത് കൊണ്ട് ടെക്നിക്കൽ പരീക്ഷകളിൽ പങ്കെടുക്കാൻ കഴിയാത്തവർക്കു വേണ്ടി ഇന്ത്യാ ഗവൺമെന്റ് തൊഴിൽ മന്ത്രാലയത്തിനു കീഴിലുള്ള ഡയരക്ടറേററ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെനിംഗ് ആവിഷ്കരിച്ച പദ്ധതിയാണ് Modular Employable Skills (NCVT-MES) സ്കീം. താൽപര്യമുള്ള തൊഴിൽ മേഖലയിൽ മാത്രം പരിശീലനം നേടി കേന്ദ്ര ഗവൺമെന്റ് സർട്ടിഫിക്കററ് നേടാൻകഴിയുന്നു. വിദേശ ജോലി ആഗ്രഹിക്കുന്നവർക്ക് ഏററവും അനുയോജ്യമായ ഹ്രസ്വകാല കോഴ്സുകൾ ഈ സ്കീമിൽ ലഭ്യമാണ്.

## Human Resources Development Society (HRDS, New Delhi) Certificate

സ്വകാര്യ മേഖലാ സ്ഥാപനങ്ങളിലും വിദേശത്തും ജോലി നേടുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അനുയോജ്യമായ ഹ്രസ്വകാല കോഴ്സുകൾ നടത്തുകയും പരീക്ഷ നടത്തി സർട്ടിഫിക്കററ് നൽകുകയും ചെയ്യുന്നത് Non Governmental Organisation (NGO) ആയ മാനവ വിഭവ വികസനസമിതി (HRDS) ആകുന്നു. ഈ സ്കീമിൽ വിവിധ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നു

## പ്രവേശനം

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉദ്ദേശ്യലക്ഷ്യം നേടുന്നതിനും ക്ലാസുകളുടെ സുഗമമായ നടത്തിപ്പിനും അന്യത്ര വിവരിച്ചിട്ടുള്ള നിബന്ധനകൾക്കും പെരുമാററ ചട്ടങ്ങൾക്കും വിധേയമായി മാത്രമേ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയുള്ളൂ. യോഗ്യതാ സർട്ടിഫിക്കററ്, TC എന്നിവ പ്രവേശനസമയത്ത് സമർപ്പിക്കേണ്ടതാണ്. രക്ഷിതാവിന്റെ സാന്നിധ്യമില്ലാതെ പ്രവേശനം നൽകുന്നതല്ല. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ അതാത് സമയത്ത് നിലവിലുള്ള നിയമങ്ങളും പെരുമാററ ചട്ടങ്ങളും പൂർണ്ണമായി അനുസരിക്കാൻ ബാധ്യസ്ഥരാണ്. പ്രവേശനം നൽകാനും നിഷേധിക്കാനു-മുള്ള അധികാരം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്

## ഫീസ്

പ്രവേശനം ലഭിക്കുന്നതിന് നിശ്ചിത ഫീസ് നൽകേണ്ടതാണ്. കോഴ്സിന്റെ തരവും കാലാവധിയുമനുസരിച്ച് ഫീസ് വ്യത്യസ്തമായിരിക്കും. ഫീസ് പ്രവേശനസമയത്ത് ഒരുമിച്ചോ സൗകര്യപ്രദമായ ഗഡുക്കളായോ അടക്കാവുന്നതാണ്. ഗഡുക്കളായി അടക്കുന്നവർ ഇടക്കു പഠനം നിർത്തുകയാണെങ്കിൽ ആകെ ഫീസിന്റെ ബാക്കി ഗഡുക്കൾ ഒരുമിച്ച് അടച്ചുതീർക്കേണ്ടതാണ്. ഇക്കാര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം പ്രവേശനത്തിനുള്ള അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. മാസ ഗഡുക്കളായി അടക്കുന്നവർ എല്ലാ മാസവും മൂന്നാമത്തെ പ്രവർത്തി ദിവസത്തിനുള്ളിൽ ഫീസ് അടക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ ഓരോ ആഴ്ചക്കും 2 രൂപ വീതം പിഴ ഈടാക്കുന്നതാണ്.
<u>ഒരിക്കൽ അടച്ച ഫീസ് ഒരു സാഹചര്യത്തിലും തിരിച്ച് നൽകുന്നതല്ല.</u>

## ഫീസ് ആനുകൂല്യം

സാമ്പത്തിക പരാധീനതയുള്ള വികലാംഗർക്കും മററുഅർഹതയുള്ള വർക്കും 25% മുതൽ 100% വരെ ഫീസിളവ് അനുവദിക്കുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും SC/ST വിഭാഗങ്ങൾക്കും അനാഥാലയത്തിലെ അന്തേവാസികൾക്കും 25% ഫീസിളവ് നൽകുന്നതാണ്. അർഹത തെളിയിക്കുന്ന സർട്ടിഫിക്കററുകളുടെ അടിസ്ഥാനത്തിലാണ് ഫീസിളവ് അനുവദിക്കുന്നത്. ഫീസിളവ് അനുവദിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അംഗങ്ങളുടെ ശുപാർശ പരിഗണിക്കുന്നതാണ്. ഫീസിളവ് അനുവദിക്കുന്നതിൽ മാനേജ്മെന്റ് തീരുമാനം അന്തിമമാണ്. ഗവൺമെന്റിൽനിന്നോ മററ് ഏജൻസികളിൽനിന്നോ ധനസഹായം ലഭിക്കുന്നവർക്ക് ഫീസിളവ് ലഭിക്കുന്നതല്ല. അർഹതയുള്ള പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പുകളും ഫീസ് ആനുകൂല്യവും ലഭിക്കും. എല്ലാ ഫീസിളവുകളും നിബന്ധനകൾക്ക് വിധേയമാണ്. ഇളവുകൾ ലഭിക്കുന്നവർ കോഴ്സ് പൂർത്തിയാക്കുന്നതാണെന്നും അല്ലെങ്കിൽ ഇളവുലഭിച്ച തുക തിരിച്ചടക്കുന്നതാണെന്നും സാക്ഷ്യപത്രം നൽകേണ്ടതാണ്

## പുന:പ്രവേശനം

എന്തെങ്കിലും കാരണവശാൽ പഠനം ഇടക്കു നിർത്തിയവർക്ക് പിന്നീട് നിബന്ധനകൾക്ക് വിധേയമായി പുന:പ്രവേശനം നേടാവുന്നതാണ്. റീ അഡ്മിഷൻ ഫീസ് 1000/- രൂപ

## ക്ലാസുകൾ

എല്ലാ കോഴ്സുകളിലും വിശദമായ തിയറി ക്ലാസുകളും മികച്ച പ്രായോഗിക പരിശീലനവും നൽകുന്നതാണ്. അതാത് വിഷയങ്ങളിൽ യോഗ്യതയുള്ള അധ്യാപകരാണ് ക്ലാസെടുക്കുന്നത്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രായോഗിക പരിശീലനം നൽകുന്നത്. പ്രാക്ടിക്കലിനു വേണ്ടി നൽകുന്ന ഉപകരണങ്ങൾ നഷ്ടപ്പെടുത്തുകയോ കേടുവരുത്തുകയോ ചെയ്താൽ വിദ്യാർത്ഥികളിൽ നിന്നും വില ഈടാക്കുന്നതാണ്. പ്രാക്ടിക്കൽ റിക്കാഡ് ബുക്കുകൾ മാസം തോറും അധ്യാപകനെ കാണിക്കേണ്ടതാണ്. ഈ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന പ്രാക്ടിക്കൽ റിക്കാഡ് ബുക്കുകൾ മാത്രമേ ഉപയോഗിക്കാൻ അനുവദിക്കുകയുള്ളൂ.

## പരീക്ഷ

കേന്ദ്ര ഗവൺമെന്റ് കോഴ്സുകൾക്ക് NCVTയും കേരള ഗവൺമെന്റ് കോഴ്സുകൾക്ക് Department of Technical Examinations ഉം ഹ്രസ്വകാല കോഴ്സുകൾക്ക് HRDS ഉം ആണ് പരീക്ഷ നടത്തുന്നത്. ഫൈനൽ പരീക്ഷകൾക്ക് അതാത് സമയത്ത് നിശ്ചയിക്കുന്ന പരീക്ഷാഫീസ് അടക്കേണ്ടതാണ്. കോഴ്സിന്റെ കാലാവധി പൂർത്തിയാക്കുകയും ഫീസുകൾ പൂർണ്ണമായി അടക്കുകയും ചെയ്തവരെ മാത്രമേ പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളൂ. എല്ലാ കോഴ്സുകളിലും ക്ലാസ് ടെസ്റ്റുകൾ നടത്തുന്നതും പ്രോഗ്രസ് റിപ്പോർട്ട് രക്ഷിതാവിന് അയച്ചുകൊടുക്കുന്നതുമാണ്. ഫൈനൽ പരീക്ഷകളിൽ പരാജയപ്പെടുന്നവർക്കും പരീക്ഷ എഴുതാൻ കഴിയാത്തവർക്കും നിബന്ധനകൾക്ക് വിധേയമായി നിർദ്ദിഷ്ട ഫീസ് അടച്ചുകൊണ്ട് വീണ്ടും പരീക്ഷ എഴുതാവുന്നതാണ്

## ഹാജർ

ഫൈനൽപരീക്ഷയിൽ പങ്കെടുക്കുന്നതിന് ചരുങ്ങിയത് 80% ഹാജർ നിർബന്ധമാണ്. ഹാജർ കുറവുള്ളവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. ദ്വിവൽസര കോഴ്സുകളിൽ ഒന്നാംവർഷം 80% ഹാജർ ഉള്ളവർക്കുമാത്രമേ രണ്ടാംവർഷ ക്ലാസിലേക്ക് പ്രവേശനം നൽകുകയുള്ളൂ. തുടർച്ചയായി 15 ദിവസത്തിൽ കൂടുതൽ ക്ലാസിൽ ഹാജരാകാത്തവരെ പ്രത്യേക അറിയിപ്പ് കൂടാതെ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

## അച്ചടക്കം

ക്ലാസുകളുടെ സുഗമമായ നടത്തിപ്പിന് കർശനമായ അച്ചടക്കം അനിവാര്യമാണ്. അച്ചടക്കലംഘനം ഒരു തരത്തിലും അനുവദിക്കുന്നതല്ല. ക്ലാസിൽ ക്രമക്കേടുകൾ കാണിക്കുക, അധ്യാപകരോടും സഹപാഠികളോടും അപമര്യാദയായി പെരുമാറുക, ക്ലാസിലും പരിസരങ്ങളിലും മൊബൈൽ ഫോൺ, ക്യാമറ തുടങ്ങിയവ കൈവശം വെക്കുക, യൂനിഫോം, ഐഡന്റിറ്റി ടാഗ് എന്നിവ ധരിക്കാതിരിക്കുക, ക്ലാസ് ടെസ്റ്റുകളിൽ പങ്കെടുക്കാതിരിക്കുക, റിക്കാർഡ് ബുക്കുകൾ യഥാസമയം പരിശോധനക്ക് നൽകാതിരിക്കുക, പുകവലി, പാൻ തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുക മുതലായവ അച്ചടക്ക ലംഘനമായി പരിഗണിക്കുന്നതും പിഴ ഈടാക്കൽ, പുറത്താക്കൽ എന്നിവയുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## ലൈബ്രറി

കോമള ലൈബ്രറിയിൽ നിന്നും വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ നൽകുന്നതാണ്. ഒരേ സമയം ഒന്നിൽകൂടുതൽ പുസ്തകങ്ങൾ നൽകുന്നതല്ല. 15 ദിവസത്തിനുള്ളിൽ പുസ്തകം തിരിച്ചേൽപ്പിക്കേണ്ടതാണ്. വീഴ്ച വരുത്തുന്നവരിൽ നിന്നും ഓരോ ആഴ്ചക്കും 2 രൂപ വീതം പിഴ ഈടാക്കുന്നതാണ്. പുസ്തകം നഷ്ടപ്പെടുകയോ കേടുവരികയോ ചെയ്താൽ അതിന്റെ മുഖവിലയുടെ ഇരട്ടി വില ഈടാക്കുന്നതാണ്.

## സ്റ്റുഡൻസ് കൗൺസിൽ

വിദ്യാർത്ഥികളുടെ പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അധ്യാപകരുടേയും മാനേജ്മെന്റിന്റേയും ശ്രദ്ധയിൽ പെടുത്തുവാനും ഒരു സ്റ്റുഡൻസ് കൗൺസിൽ രൂപീകരിക്കുന്നതാണ്. ഓരോ ക്ലാസിൽ നിന്നും 10 വിദ്യാർത്ഥികൾക്ക് ഒരു പ്രതിനിധി എന്ന തോതിൽ കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതാണ്. സ്റ്റുഡൻസ് കൗൺസിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ചെയർമാൻ, വൈസ് ചെയർമാൻ, സെക്രട്ടറി, ജോ. സെക്രട്ടറി എന്നിവർ ആയിരിക്കും. ഇവരെ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കുന്നതാണ്. കൗൺസിൽ ട്രഷറർ പ്രിൻസിപ്പാൾ ആയിരിക്കും.

സ്ഥാപനത്തിന്റെ നടത്തിപ്പിന് ഗുണകരമെന്ന് തോന്നുന്ന പുതിയ നിബന്ധനകളും ചട്ടങ്ങളും ഏർപ്പെടുത്തുവാനും നിലവിൽ ഉള്ളതിൽ മാററം വരുത്തുവാനും മാനേജ്മെന്റിന് അധികാരമുണ്ട്

# പ്രധാന റഗുലർ കോഴ്സുകൾ

## Health Sanitary Inspector

കാലാവധി : 1 വർഷം (NCVT) യോഗ്യത : +2

സർക്കാർ ആരോഗ്യ മേഘലയിലും ഗ്രാമ പഞ്ചായത്ത് തലത്തിലും റെയിൽവെയിലും മററും ആരോഗ്യ പ്രവർത്തകരായും ഹെൽത്ത് ഇൻസ്പെക്ടർമാരായും നിയമിക്കപ്പെടുന്നതിന് ഈ കോഴ്സ് കഴിഞ്ഞവർക്ക് അവസരമുണ്ട്. +2 വിജയിച്ചവർക്കാണ് പ്രവേശനം നൽകുന്നത്. വിദേശത്തും ഇവർക്ക് ഉയർന്ന തൊഴിൽ സാധ്യതയുണ്ട്.

## Draughtsman - Civil (with AutoCAD)

കാലാവധി : 2 വർഷം (NCVT) യോഗ്യത : SSLC

കെട്ടിടങ്ങളുടെ രൂപകൽപന, ഡ്രോയിംഗ്, എസ്റ്റിമേററുകൾ തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങളിലും കംപ്യൂട്ടർ ഉപയോഗിച്ചുള്ള കെട്ടിട രൂപകൽപനയായ AutoCADലും സിവിൽ ഡ്രാഫ്ററ്സ്മാൻ കോഴ്സിൽ വിദഗ്ധ പരിശീലനം നൽകുന്നു. റെയിൽവെ, പി.ഡബ്ല്യു,ഡി, വാട്ടർ അതോറിററി, ഹൗസിംഗ് ബോർഡ് തുടങ്ങിയ സർക്കാർ മേഖലയിലും വിവിധ അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യ മേഖല സ്ഥാപനങ്ങളിലും ഈ കോഴ്സ് കഴിഞ്ഞവർക്ക് തൊഴിൽ ലഭിക്കുന്നു.

## Electronics & TV Engineering

കാലാവധി : 2 വർഷം (KGCE) യോഗ്യത : SSLC

ആധുനിക ടെക്നോളജിയുടെ അടിസ്ഥാനം ഇലക്ട്രോണിക്സാണ്. Computer Hardware, Mobile phone തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നതിനും ഇലക്ട്രോണിക്സിൽ പരിജ്ഞാനം അനിവാര്യമാണ്. ഇന്ന് സർവ്വസാധരണമായ ഉപകരണമാണ് TV. ഈ കോഴ്സിൽ പരിശീലനം ലഭിച്ചവർക്ക് ഗവൺമെന്റ് സർവ്വീസിനുപുറമെ സ്വകാര്യ മേഖലയിലും വിദേശത്തും സ്വയംതൊഴിൽ രംഗത്തും ധാരാളം അവസരങ്ങളുണ്ട്

## Electrical Engineering

കാലാവധി : 2 വർഷം (KGCE) യോഗ്യത : SSLC

ഇന്ത്യയിലും വിദേശത്തും ധാരാളം അവസരങ്ങളുള്ള ഈ കോഴ്സ് കഴിഞ്ഞവർക്ക് ഇലക്ട്രിസിററി ബോർഡിലും മററുഅർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യ മേഖല സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കുന്നു. ഇവർക്ക് പ്രത്യേക പരീക്ഷ കൂടാതെ വയർമാൻ (Wireman) ലൈസൻസ് ലഭിക്കുന്നു